# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2088** — **04/11/2019-ൽ മറുപടിക്ക്**

## മഴക്കെടുതി മൂലമുള്ള രോഗപ്രതിരോധ ജാഗ്രതാ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | സംസ്ഥാനത്ത് മഴക്കെടുതി മൂലമുള്ള രോഗപ്രതിരോധം മുന്നിൽ കണ്ട് ആരോഗ്യവകുപ്പ് എന്തെല്ലാം ജാഗ്രതാ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ? | **എ)** | "ആരോഗ്യജാഗ്രത" എന്ന പേരിൽ പ്രതിദിനം പ്രതിരോധത്തിനായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി പ്രവർത്തന കലണ്ടർ പ്രകാരം ആരോഗ്യവകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, ഇതര വകുപ്പുകളുടെയും, ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു.<br>ഇതിൽ മഴക്കാലപൂർവ്വ ശുചീകരണം, രോഗപ്രതിരോധത്തിനും ബോധവത്കരണത്തിനുമുള്ള കാമ്പയിനുകൾ, മലമ്പനി, ഡെങ്കിപ്പനി നിവാരണ ദിന-മാസാചരണങ്ങൾ, ജലജന്യ രോഗങ്ങൾക്കെതിരെ വാരാചരണം, ഡ്രൈഡേ വാരാചരണം തുടങ്ങിയവ നടത്തി വരുന്നുണ്ട്.<br>ഇതു കൂടാതെ രോഗനിരീക്ഷണം, കൊതുകുനിരീക്ഷണം, ചികിത്സ, മെഡിക്കൽ ക്യാമ്പുകൾ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവയും കാര്യക്ഷമമായി നടത്തി വരുന്നുണ്ട്.<br>മഴക്കെടുതികൾ ഉണ്ടാകുമ്പോൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ പ്രവർത്തകർ സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. പ്രളയസമയത്തും അതിനുശേഷവും ജനങ്ങളും, ആരോഗ്യപ്രവർത്തകരും സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയും, പ്രവർത്തനങ്ങളെപ്പറ്റിയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**